ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു അൺ എയിഡഡ് സ്ക്കൂളിനും റക്കഗ്നിഷൻ നൽകിയിട്ടില്ല. അൺ റക്കഗ്നൈസ്ഡ് സ്ക്കൂൾ തുടങ്ങുന്നതിന് സർക്കാർ അനുവാദം ആവശ്യമില്ലാത്തതിനാൽ കണക്ക് ലഭ്യമല്ല.

(ബി) ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട്.*

പാഠപുസ്തകം സൗജന്യമായി നൽകുന്നതിനുള്ള മാനദണ്ഡം

99 (4391) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. സുജനപാൽ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം സൗജന്യമായി നൽകുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ബി) ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലേയും 1-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് ഒരു സ്ലേറ്റും, പെൻസിലും ഓരോ സെറ്റ് പുസ്തകവും നൽകി വരുന്നു. ഇതിന് പ്രത്യേക മാനദണ്ഡം ഇല്ല. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി നടത്തുന്ന എസ്.എസ്.എ. പദ്ധതി പ്രകാരം 2 മുതൽ 8 വരെ ക്ലാസുകളിലുള്ള എല്ലാ പെൺകുട്ടികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്കും പാഠപുസ്തകം സൗജന്യമായി നൽകുന്നുണ്ട്.

(ബി) ഇതിനുവേണ്ടിയുള്ള ചെലവ് എസ്.എസ്.എ. പദ്ധതിയിൽ നിന്നാണ് വഹിക്കുക. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് പദ്ധതി ചെലവിന്റെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കുന്നു.

സ്കൂൾതലം മുതൽ പരിസ്ഥിത പഠനം

100(4382) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവ മേഖലയെ സംരക്ഷിക്കുന്നത് സംബന്ധിച്ച വിഷയം പാഠ്യപദ്ധതിയിൽ പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly